# കേരളീയരിൽ പ്രത്യുല്പാദനശേഷി കുറയുന്നുവോ?

**കാഞ്ചന**

പണ്ടൊക്കെ വിവാഹം കഴിഞ്ഞ് ഒരു രണ്ട് വർഷത്തിനകം എൺപതുശതമാനം സ്ത്രീകളും അമ്മയാകുമായിരുന്നു. പക്ഷേ കാലം മാറി. കാര്യങ്ങളും മാറി.

കേരളത്തിൽ സാധാരണ രീതിയിൽ ഗർഭം ധരിക്കുന്ന സ്ത്രീകളുടെ എണ്ണം വർഷംതോറും കുറഞ്ഞുവരികയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 'തൽക്കാലം വേണ്ട' എന്നു തീരുമാനിച്ച് ദമ്പതികൾ ഗർഭധാരണം നീട്ടിവെക്കുന്നതുകൊണ്ടല്ല ഇതു സംഭവിക്കുന്നത് എന്നറിയുമ്പോഴാണ് പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാകുക.

അതെ, കേരളീയ സ്ത്രീകൾക്ക് ഗർഭധാരണശേഷിയിൽ കാര്യമായ കുറവു വന്നിരിക്കുന്നു.

കേരളത്തിലിപ്പോൾ വിവാഹിതരാകുന്നവരിൽ പകുതിയോളം പേരും ചികിത്സകൾക്കും ഔഷധപ്രയോഗങ്ങൾക്കും ശേഷമാണ് ഗർഭിണികളാകുന്നത്. എല്ലാ സ്വകാര്യ ആശുപത്രികളും 'ഫെർട്ടിലിറ്റി ക്ലിനിക്കുകൾ' തുടങ്ങുകയാണിപ്പോൾ.

കേരളീയർ വിദ്യാസമ്പന്നരുടെ സമൂഹമായതോടെ വിവാഹം നടക്കുന്ന പ്രായത്തിൽ വന്നുചേർന്ന വ്യത്യാസവും അതിനോടു കൂട്ടിച്ചേർത്തു വായിക്കാവുന്ന മറ്റു ചില ഘടകങ്ങളുമാണ് ഈ പ്രതിഭാസത്തിനു കാരണമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

മുസ്ലീം സമുദായത്തിൽ പോലും 'കെട്ടുപ്രായ'ത്തെക്കുറിച്ചുള്ള സങ്കല്പം മാറികഴിഞ്ഞു.

വിവാഹത്തിനു മുന്നോടിയായി ഒരു തൊഴിൽ തരപ്പെടുത്തുക എന്നത് ആവശ്യമായതോടെ കേരളത്തിലെ പുരുഷൻമാർ ഏകദേശം 30 വയസ്സിനടുത്താണ് (28-33) ഇപ്പോൾ വിവാഹിതരാകുന്നത്.

വിദ്യാഭ്യാസം കഴിയുന്നത്ര നേടുക, പറ്റിയാൽ ഒരു ജോലി തരപ്പെടുത്തുക, ഒരു സർക്കാർ ജോലിക്കാരനെ കിട്ടാൻ കാത്തിരിക്കുക, എന്നിങ്ങനെയുള്ള താല്പര്യങ്ങൾ പുലർത്തുന്നതുകൊണ്ട് പെൺകുട്ടികളുടെ വിവാഹം 25 വയസ്സു കഴിഞ്ഞാണ് നടക്കുന്നത് എന്നത് സാധാരണയായിരിക്കുന്നു.

പന്ത്രണ്ടോ പതിമൂന്നോ വയസ്സിൽ പ്രത്യുല്പാദനപരമായി തയ്യാറായിക്കഴിഞ്ഞ സ്ത്രീശരീരം പിന്നെയും പത്തും പതിനഞ്ചും വർഷം പ്രത്യുല്പാദനപരമായി യാതൊന്നും ചെയ്യാതിരിക്കുന്ന ഈ അവസ്ഥ പ്രത്യുല്പാദന ശേഷിയെ ബാധിക്കുന്നുണ്ട് എന്നുവേണം കരുതാൻ.

20 വയസ്സിനു മുമ്പ് വിവാഹം കഴിഞ്ഞ പെൺകുട്ടികളുടേയും 25 വയസ്സിനു ശേഷം വിവാഹം കഴിഞ്ഞ പെൺകുട്ടികളുടേയും കാര്യങ്ങൾ വെവ്വേറെ പരിശോധിക്കുമ്പോൾ, രണ്ടാമതു പറഞ്ഞ കൂട്ടരിലാണ് സ്വാഭാവിക ഗർഭധാരണത്തിന് കൂടുതൽ തടസ്സങ്ങളനുഭവപ്പെടുന്നത്. വിവാഹപ്രായവും ഗർഭധാരണ ശേഷിയും തമ്മിലുള്ള പരസ്പര ബന്ധത്തിലേക്ക് ഇതു വിരൽ ചൂണ്ടുന്നു.

തൊഴിൽ സംബന്ധിയോ സാമ്പത്തിക സംബന്ധിയോ ആയ ടെൻഷനുകൾ, വിവാഹം നടന്നത് വൈകിയാണെന്നതിനാൽ ഉടനെ കുട്ടികൾ വേണമെന്ന അമിത ഉത്കണ്ഠ, പുതിയ തലമുറയുടെ ഭക്ഷണരീതികൾ, പുരുഷൻമാരിൽ വ്യാപകമായി വരുന്ന ബീജശേഷിശോഷണം എന്നിവയും സ്വാഭാവിക ഗർഭധാരണത്തിനു വിഘാതമാവുന്നുണ്ട്.